പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

23.01.2018 ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.279

## മങ്കട നിയോജകമണ്ഡലത്തിലെ ആശുപത്രികൾ

| | ചോദ്യം<br>ശ്രീ.ടി.എ.അഹമ്മദ് കബീർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി മങ്കട നിയോജകമണ്ഡലത്തിലെ പാങ്ങ് പി.എച്ച്. സി. യെ കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയതിന്റെ ഭാഗമായി ഏതെല്ലാം തരത്തിലുള്ള മാറ്റങ്ങൾ (പരിഷ്കാരങ്ങൾ) നടപ്പിലാക്കിയിട്ടുണ്ട്; | (എ) | ആർദ്രം പദ്ധതിയുടെ ഭാഗമായി പാങ്ങ് കുടുംബാരോഗ്യ കേന്ദ്രത്തിൽ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായി ഒരു അസിസ്റ്റന്റ് സർജൻ, രണ്ട് സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ എന്നീ തസ്തികകളിലേയ്ക്ക് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ എം.എൽ.എ.ഫണ്ട് ഉപയോഗിച്ച് പുതിയ ഒ.പി.ബ്ലോക്കിന്റെ നിർമ്മാണ പ്രവർത്തനം പുരോഗമിച്ചു വരികയുമാണ്. |
| (ബി) | മങ്കട സി. എച്ച്. സി. യെ സ്റ്റാൻഡേർഡൈസേഷൻ (ഏകീകരണം) നടത്തുന്നതിന്റെ ഭാഗമായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ആർദ്രം പദ്ധതിയിൽ ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഇപ്പോൾ ഉൾപ്പെടുത്തിയിട്ടില്ല. അടുത്ത സാമ്പത്തിക വർഷത്തിലേയ്ക്ക് തെരെഞ്ഞെടുക്കുന്ന കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ കരട് ലിസ്റ്റിൽ ബ്ലോക്ക് തല സാമൂഹികാരോഗ്യ കേന്ദ്രങ്ങളല്ലാത്ത സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (സി) | മങ്കട ഗ്രാമപഞ്ചായത്തിൽ പുതുതായി ഹോമിയോ ആശുപത്രി അനുവദിച്ചിട്ടുണ്ടോ; നിലവിൽ ഇത് സംബന്ധിച്ച് സ്വീകരിച്ചു വരുന്ന നടപടികളെ സംബന്ധിച്ച് വിശദീകരിക്കാമോ? | (സി) | അനുവദിച്ചിട്ടില്ല. സർക്കാർ തലത്തിൽ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ